ഡിസൈനർ
# വീടും പ്ലാനും
വീടുനിർമ്മാണത്തിന് ഒരു സമ്പൂർണ്ണ വഴികാട്ടി

A COMPLETE MAGAZINE ON RESIDENTIAL ARCHITECTURE

2019 March-April
Vol. 4 | Issue 2
Price ₹ 100/- | AED 30 | US$ 10



**20 വീടുകൾ പ്ലാനുകൾ**

**ഗൃഹവാസ്തുകല വഴിത്തിരിവിൽ**
ആർക്കിടെക്റ്റ് മനോജ് കിണി

**ഗൃഹപാഠമാകാം ഗൃഹനിർമ്മാണത്തിന്**
ആർക്കിടെക്റ്റ് റോഷൻ നഗീന

**മണിയറ ഒരുക്കാം**

**പൂന്തോട്ടത്തിലൂടെ നേടാം മാനസികോല്ലാസം**

ലക്ഷ്വറി ഹോം
കന്റംപ്രറി ഹോം
അപാർട്മെന്റ് ഇന്റീരിയർ
പുതുക്കിപ്പണിത വീടുകൾ
ചെലവുകുറഞ്ഞ വീടുകൾ



# ഗുരുദക്ഷിണ

സ്ട്രക്ച്ചറിന്റെ ഭാഗമായി ചുമരുകൾക്ക് നൽകിയിരിക്കുന്ന ഓറഞ്ച് നിറമുള്ള പെയിന്റാണ് നേർരേഖകളുടെ സമന്വയത്തിലൂടെ ഉരുത്തിരിഞ്ഞ എലിവേഷന് എടുപ്പുനൽകുന്നത്

■ ഗായത്രി

ഗുരുശിഷ്യബന്ധത്തെ വളരെ മഹത്തായി കാണുന്ന ഒരു അദ്ധ്യാപക കുടുംബത്തിനുവേണ്ടി ശിഷ്യനായ ഒരു ആർക്കിടെക്റ്റ് സമർപ്പിച്ച ഗുരുദക്ഷിണയാണ് ഈ വീട്. കോട്ടയത്തിനടുത്ത് കറുകച്ചാലിൽ ചമ്പക്കരയിലുള്ള പ്രദീപ് മാഷിനും അനില ടീച്ചർക്കും മക്കൾക്കുംവേണ്ടി ഒരുക്കിയ ഈ വീട് ആർക്കിടെക്റ്റ് അലക്സ് ജോസഫിന്റെയും ആർക്കിടെക്റ്റ് ഡോണാ അലക്സിന്റെയും (മൈസ്പേസ് ആർക്കിടെക്റ്റ്സ്, കോട്ടയം/ഡൽഹി) സ്നേഹസ്പർശം കൂടി നിറഞ്ഞതാണ്.

## വീടുപണിയിലെ കെമിസ്ട്രി

20 സെന്റ് പ്ലോട്ട്, വീതി അല്പം കുറഞ്ഞ് നീളം കൂടിയ രീതിയിലുള്ളതായിരുന്നു. തൊട്ടുമുന്നിൽ റോഡ്. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന വീട് പൊളിച്ചുമാറ്റിയാണ് പുതിയ വീടുവച്ചത്. ഹയർ സെക്കന്ററി വിഭാഗത്തിൽ കെമിസ്ട്രി അദ്ധ്യാപകനായ പ്രദീപ്കുമാറിനും കുട്ടികൾക്കും ഇടയിൽ



**അധികം പരിപാലനം ആവശ്യമില്ലാത്ത വിധം കൃത്രിമത്വങ്ങളില്ലാത്ത ലളിതമായ അകത്തള അലങ്കാരങ്ങൾ മാത്രം ഫർണിച്ചർ പോലും അത്യാവശ്യത്തിനു മാത്രം**

ആർക്കിടെക്റ്റ് അലക്സ് ജോസഫ്
< ആർക്കിടെക്റ്റ് ഡോണാ അലക്സ്





ഏറ്റവും മിതമായ ഒരുക്കങ്ങളോടെ ലിവിങ് ഏരിയ. ചുമരിലെ മ്യൂറൽ പെയിന്റ് ശ്രദ്ധേയമാകുന്നു



ടെക്സ്ചർ പെയിന്റ് കൊണ്ട് ഹൈലൈറ്റ് ചെയ്ത ഇരട്ടി ഉയരമുള്ള ചുമരും വെന്റിലേഷനുമാണ് ഡൈനിങ്ങിന്റെ സവിശേഷത

സ്റ്റെയർകേസിനടിയിലെ സ്ഥലം പാഴാക്കാതെ ഇരിപ്പിട സൗകര്യം നൽകി



സ്നേഹത്തിന്റെയും, സൗഹൃദത്തിന്റെയുമായ, ഒരു കെമിസ്ട്രി എന്നുമുണ്ടായിരുന്നു. അതിനാൽ ശിഷ്യഗണങ്ങൾ മാഷിന്റെ വീട്ടിലെ പതിവു സന്ദർശകരാണ്. മാഷും ശിഷ്യനും ക്ലയന്റും ആർക്കിടെക്റ്റുമായി മാറിയപ്പോൾ വീടുപണി ഒരു കൂട്ടായ്മയായി മാറി. കറുകച്ചാലിൽത്തന്നെയുള്ള ഇന്നവേഷനിലെ എഞ്ചിനീയർ ജയലാലിനെയാണ് കോൺട്രാക്റ്റ് വർക്കുകൾക്ക് നേതൃത്വം നൽകിയത്. പ്രദീപ്കുമാറും ജയലാലും സുഹൃത്തുക്കളും പഴയ സഹപാഠികളുമായിരുന്നു. അങ്ങനെ എല്ലാവരും പരസ്പരം അടുത്തറിയുന്നവർ. അതുകൊണ്ടുതന്നെ ഈ കുടുംബത്തിന്റെ ആവശ്യങ്ങൾ അടുത്തറിഞ്ഞ് പ്രാവർത്തികമാക്കുവാൻ ആർക്കിടെക്റ്റിനും എഞ്ചിനീയർക്കും സാധിക്കുകയും ചെയ്തു.

തുറന്ന സിറ്റൗട്ട്, ലിവിങ്, ഫാമിലി ലിവിങ്, ഡൈനിങ്ങ്, കിച്ചൻ, മുകളിലും താഴെയുമായി 4 കിടപ്പുമുറികൾ. ഇത്രയുമാണ് ഏരിയകൾ. കോമൺ ഏരിയകൾ തുറന്ന നയത്തിലും മുകൾനിലയുമായി ആശയവിനിമയം സാധ്യമാക്കുന്ന വിധവുമാണ്. അധികം പരിപാലനം ആവശ്യമില്ലാത്തവിധം കൃത്രിമത്വങ്ങളില്ലാത്ത ലളിതമായ അകത്തള അലങ്കാരങ്ങളാണ്. ഫർണിച്ചർ പോലും അത്യാവശ്യത്തിനു മാത്രം. മിനിമലിസം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്, ഇന്റീരിയറിൽ. പ്രധാന പ്രവേശന മാർഗ്ഗത്തിനുപുറമെ ഒരു വശത്തായി ഒരുക്കിയിരിക്കുന്ന കാർ പോർച്ചിൽനിന്നും ഫാമിലി ലിവിങ്ങിലേക്ക് സ്റ്റെപ്പുകൾ ഒഴിവാക്കി മറ്റൊരു പ്രവേശനമാർഗ്ഗംകുടിയുണ്ട്. സ്റ്റെയർകേസിന്റെ ഭാഗത്ത് തീർത്തിരിക്കുന്ന ബ്രിഡ്ജ് വീടിന്റെ ഇരുനിലകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനൊപ്പം തുറന്ന നയം നടപ്പിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു. ചുമരുകളുടെ ഉയരത്തിൽ നൽകിയിട്ടുള്ള ഫിക്സഡ് ഗ്ലാസ് ജനാലകൾ ഉള്ളിലെമ്പാടും നാച്വറൽ ലൈറ്റ് ഉറപ്പാക്കുന്നുണ്ട്. ക്രോസ് വെന്റിലേഷനുകൾ കാറ്റും വെളിച്ചവും കടന്നുവരുവാൻ വഴിയൊരുക്കുന്നു. ഈ വീടിനുള്ളിൽ നിറയുന്ന വെളിച്ചം വീട്ടുകാരുടെ ജീവിതത്തിലും ഉത്സാഹവും പോസിറ്റീവ് എനർജിയും നിറയ്ക്കുന്നു.

## സൗഹൃദം പകരുന്ന സിറ്റൗട്ട്

ലിവിങ് - ഡൈനിങ് ഏരിയകളിൽ അത്യാവശ്യം ഫർണിച്ചർ മാത്രം. ഡൈനിങ് ഉൾപ്പെടുന്ന ഏരിയയിൽ സ്റ്റെയർകേസിനടിഭാഗത്തെ സ്ഥലം പാഴാക്കിക്കളയാതെ ഫാമിലി സ്പേസ് ഒരുക്കിയിരിക്കുന്നു. പ്രാർത്ഥനാസൗകര്യം ചുമരിലാണ് ഒരുക്കിയിട്ടുള്ളത്. കിടപ്പുമുറികൾ ഏറ്റവും മിനിമലിസ്റ്റിക്കായ അലങ്കാരങ്ങളോടെയാണ്. അടുക്കളയും വർക്കേരിയയും സ്റ്റോറേജ് സൗകര്യത്തോടെയാണ്. വർക്കിങ് ട്രയാംഗിൾ പാലിച്ചുള്ള അടുക്കള നിറങ്ങളുടെ ചാരുതയിലാണ്. ശിഷ്യഗണങ്ങളുടെ സ്നേഹസമ്മാനങ്ങൾ ചുമരിലും ഷെൽഫുകളിലും എല്ലാം ഇടം പിടിച്ചിട്ടുണ്ട്.

വിശ്രമവേളകൾക്കായി വീടിന് പുറത്ത് ഒരു സ്പേസ് വേണമെന്നുള്ള തീരുമാനത്തിൽ നിന്നുമാണ് സിറ്റൗട്ട് വിശാലമായി ഒരുക്കിയത്. തൊട്ടുമുന്നിൽ റോഡായതിനാൽ ഒരു സ്വകാര്യതയ്ക്കായി ക്ലേ ഉപയോഗിച്ച് ഒരു ഡിസൈൻ ഫ്രെയിം ഒരു ഇൻസ്റ്റലേഷൻ എന്ന പോലെ നൽകിയിരിക്കുന്നു. കാറ്റും വെളിച്ചവും കടക്കുന്ന ഈ ജാളി വർക്കിന് എലിവേഷനെ ഹൈലൈറ്റ് ചെയ്യുവാൻ ഉപയോഗിച്ചിട്ടുള്ള അതേ നിറമുള്ള




ഇരുനിലകളെയും കൂട്ടിയിണക്കുന്നതിലും ആശയവിനിമയം സാധ്യമാക്കുന്നതിലും മുഖ്യ പങ്ക് വഹിക്കുന്നത് കണക്റ്റിങ് ബ്രിഡ്ജ്. ഇതിന്റെ ഇരുവശങ്ങളും തുറന്ന നയത്തിലാണ്

കുട്ടികളുടെ സ്നേഹ സമ്മാനങ്ങൾ കൊണ്ട് നിറഞ്ഞ ഷെൽഫും ഊഞ്ഞാലും അപ്പർ ലിവിങ്ങിന് മിഴിവേകുന്നു




സ്റ്റഡി ഏരിയയ്ക്കു സ്ഥാനം മുകൾ നിലയിൽ. താഴെ നിന്നും കുട്ടികളെ ശ്രദ്ധിക്കുവാനാകും






ഗ്രൗണ്ട് ഫ്ളോർ പ്ലാൻ




ഫസ്റ്റ് ഫ്ളോർ പ്ലാൻ



അവശ്യസൗകര്യങ്ങൾ മാത്രം ഉൾച്ചേർത്ത് കിടപ്പുമുറി

**PROJECT DETAILS**

| | |
|---|---|
| Architect: | Ar. Alex Joseph& Ar. Dona Alex<br>Myspace Architects<br>Puthettu house<br>S.pampady, Kottyam, Kerala<br>C6,Lower Ground Floor<br>Sector 48, Noida, UP-201301<br>Mob: 9958537414, 0120-4104748 |
| Owner | Pradeep Kumar |
| Location | Karukachal, Kottayam |
| Year of Completion | 2018 |
| Site Area | 20 cents |
| Built Area | 2250 SQFT |
| Structural Engineer/ Civil Engineer | Noble P Thomas<br>Srishti Projects,<br>Ph: 9810298064 |
| Project Contractor | Eng. Jayalal |
| Interior Designer | Ar. Dona Alex<br>Mob: 9560119360 |

പെയിന്റ് നൽകി ആകർഷകമാക്കിയിട്ടുണ്ട്. റോഡിന്റെ അലോസരമില്ലാതെ പരിസരക്കാഴ്ചകൾ ആസ്വദിച്ച് ഇരിക്കുവാൻ കഴിയുന്നു, ഇവിടെ. സ്ട്രക്ചറിന്റെ ഭാഗമായി ചുമരുകൾക്ക് നൽകിയിരിക്കുന്ന ഓറഞ്ച് നിറമുള്ള പെയിന്റാണ് നേർരേഖകളുടെ സമന്വയത്തിലൂടെ ഉരുത്തിരിഞ്ഞ എലിവേഷന് എടുപ്പുനൽകുന്നത്. സ്നേഹ സൗഹൃദ ബന്ധങ്ങളുടെ രസതന്ത്രത്തിലൂടെ ശുഭപര്യവസായിയായി പരിണമിച്ച ഈ ഗൃഹപാഠം ഈ വീടുപണിയിലൂടെ ഇതിലുൾപ്പെട്ട ഓരോരുത്തരുമായുള്ള ബന്ധത്തെ ഒന്നുകൂടി ഊട്ടിയുറപ്പിക്കുകയും ചെയ്തു. ●

ഫോട്ടോഗ്രാഫി : ഷിജോ തോമസ്


പ്രദീപ് മാഷും കുടുംബവും




എല്ലാ സൗകര്യങ്ങളുമുണ്ട്; വർക്കേരിയയും കൂടി ചേർത്ത് ഒരുക്കിയിരിക്കുന്ന കിച്ചൻ